**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** | **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി ജോയി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ കഴിഞ്ഞ അഞ്ച് വർഷം നടപ്പിലാക്കിയ സമഗ്ര ക്ഷേമ വികസന പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികളുടെ ഫലമായി മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും സാമൂഹ്യ സുരക്ഷയിലും ഉണ്ടായ മുന്നേറ്റങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി സർക്കാർ കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ സമഗ്ര ക്ഷേമ വികസന പദ്ധതികൾ<br><br>**സമ്പാദ്യ സമാശ്വാസ പദ്ധതി**<br>മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിനായും സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോട് കൂടിയും നടപ്പിലാക്കുന്ന പദ്ധതിയാണ് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി. ഒരു നിശ്ചിത തുക (പരമാവധി 1500/- രൂപ) വീതം പദ്ധതിയിൽ അംഗമാകുന്നവരിൽ നിന്നും ശേഖരിക്കുകയും, പിന്നീട് മറൈൻ മേഖലയിലെ പഞ്ഞ മാസങ്ങളായ മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഇൻലാന്റ് മേഖലയിലെ പഞ്ഞമാസങ്ങളായ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതമായ യഥാക്രമം 1500/- രൂപ വീതം ഉൾപ്പെടുത്തി ആകെ 4500/- രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കഴിഞ്ഞ 5 വർഷവും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .<br><br>**വിദ്യാതീരം**<br><br>ഫിഷറീസ് വകുപ്പ് വിദ്യാതീരം പദ്ധതി വഴി നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ ഐ ഐ ടി/ എൻ ഐ ടി എൻടൻസ് പരിശീലന പരിപാടികൾ/ സിവിൽ സർവ്വീസ് പരിശീലനം എന്നിവയ്ക്ക് അനുവദനീയമായ നിശ്ചിത തുക പരിശീലന സ്ഥാപനങ്ങളിലേക്ക് അനുവദിച്ച് വരുന്നു. |

ഭാവിയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളും ജോലി സാധ്യതകളും കണ്ടെത്തുന്നതിനായി തീരദേശ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച Career guidance programme എല്ലാ വർഷവും നൽകി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു. പ്രതിഭാതീരം പദ്ധതി വഴി തീരദേശത്തെ 75 ലൈബ്രറികൾ തെരഞ്ഞെടുത്തു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ എട്ടാം ക്ലാസ്സ് മുതൽ കുട്ടികൾക്ക് താമസിച്ച പഠിക്കാനാകുന്ന തരത്തിൽ 9 തീരദേശ ജില്ലകളിലായി 10 ജി.ആർ.എഫ്.ടി എച്ച്.എസ് പ്രവർത്തിച്ച വരുന്നു. അവിടെ സൗജന്യ താമസം, ഭക്ഷണം, ലാബ് ലൈബ്രറി, ജിംനേഷ്യം, പഠനയാത്രകൾ, ബുക്ക്, യൂണിഫോം എന്നിവ എല്ലാം സൗജന്യമായി നൽകുന്നു. ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനത്തിനും മാനസികാരോഗ്യ സംരക്ഷണത്തിനുമായി ക്ലിനിക്കൽ സൈക്കോളജി കൗൺസിലർമാരുടെ സേവനം നടപ്പ് വർഷം ആരംഭിച്ചിട്ടുണ്ട്. ഫിഷറീസ് സ്കൂളുകളിൽ കായിക പ്രവർത്തനങ്ങളുടെ വികസനത്തിന് ഒരു ലക്ഷം രൂപ വീതം സ്കൂളുകൾക്ക് അനുവദിച്ച നൽകുന്നു.

3 വിദ്യർത്ഥികൾക്ക് നാളിതുവരെ വിദേശ പഠനത്തിനു ധനസഹായം അനുവദിച്ച നൽകിയത് വഴി ആഗോളതലത്തിലുള്ള തൊഴിലവസരങ്ങളിലേക്ക് എത്തിപ്പെടാൻ മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് അവസരം നൽകി.

**തീരോന്നതി**

**സാന്ത്വനതീരം**

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം. പ്രസ്തുത പദ്ധതി പ്രകാരം, ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം/ കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്ക് ശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ

ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

**മെഡിക്കൽ ക്യാമ്പ്**

തീരോന്നതി പദ്ധതിയിലുൾപ്പെടുത്തി ആരോഗ്യ വകുപ്പ്, ആയുഷ്, ഹെൽത്ത് മിഷൻ, ഇ-ഹെൽത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തി മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു.

മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കുന്നതിനും ദത്തെടുക്കൽ പദ്ധതി വഴി ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ അനുവദിച്ച് നൽകി വരുന്നു. നടപ്പ് വർഷം ഇതിനായി 15 ലക്ഷം രൂപ വകയിരുത്തുകയും വിവിധ ജില്ലകളിലായി 22 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പത്ത് ഫിഷറീസ് സ്കൂളുകളുടെ പ്രതിദിന നടത്തിപ്പിനും മെസ് അലവൻസ്, കെയർ ടേക്കർ വേതനം, സ്കൂൾ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം, ടെക്സ്റ്റ് ബുക്ക്, നോട്ട് ബുക്ക്, ബാഗ്, ബെഡ്, ബെഡ് ഷീറ്റ്, പില്ലോ, പില്ലോ കവർ, സ്റ്റഡി ടൂർ മെഡിക്കൽ കെയർ ,സ്പെഷ്യൽ ട്രെയിനിംഗ് ,ലാബ്, ലൈബ്രറി സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഓപ്പറേഷണൽ എക്സ്പൻസ് ഘടകത്തിൽ നിശ്ചിത തുക അനുവദിച്ച് വരുന്നുണ്ട്. നടപ്പ് വർഷം 3.02 കോടി രൂപ നാളിതു വരെ ഇതിനായി അനുവദിച്ച് നൽകിയിട്ടുണ്ട്.

2023-24 വർഷം സ്പോർട്സ് കേരള ഫൌണ്ടേഷൻ വഴി 42 ലക്ഷം രൂപ ചെലവിൽ GRFTHS ഉൾപ്പെടെ തീരദേശത്തെ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ, ജേഴ്സി, സ്പോർട്സ് കിറ്റ് എന്നിവയും സ്പോർട്സ് കോച്ചിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട് .കൂടാതെ 7 GRFTHS-ൽ കായിക അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു 3.5 കോടി രൂപയ്ക്കു ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കി വരുന്നു. TIDE കേരളം പദ്ധതിയുടെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സമഗ്ര-വ്യക്തിത്വ വികസനത്തിനും മാനസികാരോഗ്യ സംരക്ഷണവും ലക്ഷ്യമിട്ട് പത്ത് സ്കൂളിലും ക്ലിനിക്കൽ സൈക്കോളജി കൗൺസിലർമാരുടെ സേവനം നടപ്പ് വർഷം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വഴി 666

വിദ്യാർത്ഥികൾക്ക് നടപ്പ് വർഷം പ്രയോജനം ലഭിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി വിദ്യാർഥികളുടെ വിദ്യഭ്യാസ ധനസഹായ ഇനത്തിൽ ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പ്രീ-മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റതവണയായി ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, എ.ബി.എൽ.സി, പോക്കറ്റ് മണി, ട്യൂഷൻ ഫീ, പരീക്ഷ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് എന്നിവയും നൽകി വരുന്നു. കുടിശിക ഇല്ലാതെ മേൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി നടപ്പ് വർഷം പ്ലാൻ, നോൺ പ്ലാൻ, അധിക-ധനാനുമതി, പുനർവിനിയോഗം എന്നിവയിലൂടെ 88.46 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അൻപതാനായിരത്തിലധികം വിദ്യാർത്ഥികൾക്ക് പ്രതിവർഷം വിദ്യഭ്യാസ ധനസഹായ ഇനത്തിൽ ആനുകൂല്യം ലഭിക്കുന്നുണ്ട്.

വിദ്യാർത്ഥികളെ സർക്കാർ ചെലവിൽ വിവിധ കോച്ചിംഗ് സെന്ററുകളിൽ അയച്ചു മെഡിക്കൽ/NIT/IIT/സിവിൽ സർവീസ് പരിശീലനം നൽകി വരുന്നു. നടപ്പ് വർഷവും 130 വിദ്യർത്ഥികൾക്ക് മെഡിക്കൽ എനട്രൻസ് കോച്ചിംഗ്, 12 വിദ്യർത്ഥികൾക്ക് NIT/IIT കോച്ചിംഗ്, 12 വിദ്യർത്ഥികൾക്ക് സിവിൽ സർവീസ് കോച്ചിംഗ് എന്നിവ നൽകി വരുന്നു. വിദ്യാതീരം പദ്ധതിയിലൂടെ നൽകിയ കോച്ചിംഗ് വഴി നാളിതുവരെ 108 വിദ്യാർത്ഥികൾക്ക് എം ബി ബി എസ് കോഴ്സിനും 102 വിദ്യാർത്ഥികൾക്ക് ബി.ടെക്ക്/ബി ഡി എസ്/ബി എ എം എസ്/ബി എച്ച് എം എസ്/ ബി വിഎസ്സി തുടങ്ങിയ കോഴ്സുകൾക്കും 111 വിദ്യാർത്ഥികൾക്ക് മറ്റ് അനുബന്ധ കോഴ്സുകൾക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്.

കൂടാതെ മത്സ്യത്തൊഴിലാളി വിദ്യർത്ഥികൾക്ക് വിദേശ പഠന സൗകര്യവും നൽകുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 3 വിദ്യർത്ഥികൾക്ക് വിദേശ പഠനത്തിനു ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

തീരദേശ മേഖലകളിലെ മത്സ്യത്തൊഴിലാളികളുടെ വീടുകൾ ഉപ്പ് കലർന്ന കടൽക്കാറ്റ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ കേട്ടുപാടുകൾ സംഭവിക്കുന്നത് പരിഹരിക്കുന്നതിലേയ്ക്കായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിൽ ചില സുപ്രധാന പദ്ധതികളാണ് കോളനി പുനരുദ്ധാരണ പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ.

മത്സ്യത്തൊഴിലാളികൾക്കായി 16 പദ്ധതികളും അനുബന്ധത്തൊഴിലാളികൾക്കായി 15 പദ്ധതികളും, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമായി 2 പ്രത്യേക പദ്ധതികളും, നിലവിലെ സർക്കാരിന്റെ കാലയളവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ 14 പുതിയ പദ്ധതികളുമുൾപ്പെടെ ആകെ 47 ക്ഷേമപദ്ധതികൾ മത്സ്യബോർഡ് നടപ്പിലാക്കുന്നുണ്ട്. മൊത്തം പദ്ധതികളിൽ 5 എണ്ണം സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കുന്നവയാണ്.

നിലവിലെ സർക്കാരിന്റെ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കിയിരുന്ന താഴെ പറയുന്ന 3 പദ്ധതികളുടെ ധനസഹായ നിരക്ക് ഇരട്ടിയോ അതിലധികമോ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

a.മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് അനുവദിച്ചിരുന്ന ധനസഹായ തുക 50,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിച്ചു.

b. മത്സ്യ, അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായ തുക 10,000/- രൂപയിൽ നിന്നും 25,000/- രൂപയായി വർദ്ധിപ്പിച്ചു.

c. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് അനുവദിച്ചിരുന്ന ധനസഹായം 600/- രൂപയിൽ നിന്നും 2000/- രൂപയായി വർദ്ധിപ്പിച്ചു..

ഇതിന് പുറമേ, മത്സ്യത്തൊഴിലാളികൾക്ക് മാത്രം അനുവദിച്ചിരുന്ന 6 പദ്ധതികൾ അനുബന്ധത്തൊഴിലാളികൾക്കുകൂടി നിലവിലെ സർക്കാരിന്റെ കാലയളവിൽ ബാധകമാക്കിയിട്ടുണ്ട്.

I. തൊഴിൽ ചെയ്തു കൊണ്ടിരിക്കുന്നതിനിടിയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണം - 1,00,000/- രൂപ

II. ആശ്രിതരുടെ മരണത്തോടനുബന്ധിച്ച് ചെലവുകളിലേക്കുള്ള ധനസഹായം- 2,000/- രൂപ

III. അപകടം മൂലം ഉണ്ടാവുന്ന താൽക്കാലിക അവശത- 500/- രൂപ

IV. ചെയർമാൻസ് റിലീഫ് ഫണ്ട്- 5000 രൂപ

V. കായിക വിനോദ മത്സരങ്ങളിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി-₹10,000 /-രൂപ

VI. പെൺമക്കളുടെ വിവാഹ ധനസഹായം- ₹25,000/- (മത്സ്യത്തൊഴിലാളിയുടെ 2 പെൺകുട്ടികൾക്ക് ആനുകൂല്യം നൽകിയിരുന്നപ്പോൾ അനുബന്ധത്തൊഴിലാളിയുടെ 1 പെൺകുട്ടിക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചിരുന്നത്.)

മത്സ്യബോർഡിന്റെ 40 വർഷത്തെ പ്രവർത്തനക്കാലയളവിൽ ആദ്യമായി, ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യം പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. പ്രസ്തുത പദ്ധതിയിലൂടെ, ഗുണഭോക്താക്കൾക്ക് കുറഞ്ഞത് ₹2,500/- വിരമിക്കൽ ആനുകൂല്യമായി നൽകുന്നുണ്ട്.

കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് SDRF/CMDRF-ൽ നിന്നുമുള്ള ധനസഹായം നൽകിവരുന്നു, ആയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട് കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. 2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ്

മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ച്ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര- അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി. 2025 മെയ്-25 ന് കേരള തീരത്ത് നിന്ന് 14.6 നോട്ടിക്കൽ മൈൽ അകലെ അറബിക്കടലിൽ ഉണ്ടായ MSC എൽസ കപ്പൽ അപകടം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ സാരമായി ബാധിച്ച സാഹചര്യത്തിൽ മേൽ പറഞ്ഞ ജില്ലകളിലെ 78498 മത്സ്യതൊഴിലാളി കുടുംബങ്ങൾക്കും 27020 മത്സ്യബന്ധന അനുബന്ധ തൊഴിലാളികൾക്കും ഇടക്കാല ആശ്വാസമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1000 രൂപ വീതവും ഒരു കുടുംബത്തിന് 6 കിലോ അരി വീതം സൗജന്യ റേഷനും നൽകി . മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1000/രൂപ വീതം നൽകാൻ 10.5518 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട ജില്ല ഓഫീസർന്മാർ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്ന INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട 172160 മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് (മറൈൻ കുടുംബങ്ങൾ 132822 + അനുബന്ധ കുടുംബങ്ങൾ 39338) ധനസഹായം നൽകുന്നതിനായി 48,20,48000/- രൂപ CMDRF മുഖേന അനുവദിച്ചിരുന്നു. അനുവദിച്ച തുക അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നു.

മേൽ പദ്ധതികൾക്ക് പുറമേ ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം

ചെയ്യുന്ന പദ്ധതി

2. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് FRP യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.

3. മത്സ്യത്തൊഴിലാളികൾക്കുള്ള സബ്സിഡി മണ്ണെണ്ണ വിതരണം

4. മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ.

5. മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം

6. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് കവറേജ്.

7. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ

8. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി.

9. മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് ഏൻഡ് വിതരണം ചെയ്യുന്ന പദ്ധതി

10. തീരക്കടലിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതികൾ

11. സീ റാഞ്ചിംഗ് പദ്ധതി

12. രക്ഷാപ്രവർത്തനങ്ങൾക്കായി 3 മറൈൻ ആമ്പുലൻസുകൾ

13. സുരക്ഷയുടെ ഭാഗമായി ഹാർബറുകളിൽ CCTV ക്യാമറകളും LED ബോർഡുകളും

14. 900 സീ റെസ്ക്യൂ സ്ക്വാഡുകൾ

15. നാല് പുതിയ ഫിഷറീസ് സ്റ്റേഷനുകളും ഫിഷറീസ് സ്റ്റേഷനുകളുടെ ആധുനീകവൽക്കരണവും

16.മത്സ്യത്തൊഴിലാളികൾക്ക് കടലിൽ ആശയവിനിമയത്തിന് ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി.

17. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

മത്സ്യഫെഡ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനയാനങ്ങളുടെ ഉടമസ്ഥരായി. ഗ്രൂപ്പ് അടിസ്ഥാനത്തിൽ യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളും, വലകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വായ്പയായി സബ്സിഡിയോടുകൂടി ലഭിക്കുന്നതിന് സഹായിച്ചു.

മേൽ പദ്ധതികളിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ഇടത്തട്ടുക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും സഹായകമാകുകയും, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**വിദ്യാഭ്യാസ അവാർഡ് 'മികവ്'**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും, സ്മരണികയും) നൽകിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കഴിഞ്ഞ അഞ്ച് വർഷം കാലയളവിൽ നടപ്പിലാക്കിയ സമഗ്ര ക്ഷേമ വികസന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മത്സ്യത്തൊഴിലാളി സമൂഹത്തിന് അടച്ചുറപ്പുള്ള ഭവനങ്ങൾ, വിദ്യാഭ്യാസ മേഖലയുടെ മുന്നേറ്റം, ആരോഗ്യ സുരക്ഷ, മത്സ്യത്തൊഴിലാളികൾക്ക് ഇതര തൊഴിൽ സൗകര്യങ്ങൾ, മത്സ്യ ലഭ്യതയുടെ വർദ്ധനവ്, മത്സ്യ വിപണനത്തിനായി ആധുനിക സൗകര്യം എന്നിവ ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം മത്സ്യത്തൊഴിലാളി സമൂഹത്തെ സാമൂഹികപരവും സാമ്പത്തികപരമായും മുന്നേറുന്നതിന് വളരെയേറെ പ്രയോജനകരമായിട്ടുണ്ട്.

20.16 കോടി രൂപയുടെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

| | | | | |
|---|---|---|---|---|
| | | | | 11.07 കോടി രൂപയുടെ ആരോഗ്യ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ<br><br>259.42 കോടി രൂപ അടങ്കൽ തുകയിൽ ആധുനിക മത്സ്യ മാർക്കറ്റുകൾ.<br><br>61.06 കോടി രൂപ അടങ്കൽ തുകയിൽ മത്സ്യ ഗ്രാമങ്ങളുടെ ആധുനികവൽക്കരണം.<br><br>82.47കോടി രൂപയുടെ ഭവന നിർമ്മാണം പുനരുദ്ധാരണം.<br><br>294.54 കോടി രൂപയുടെ ഹാർബർ നിർമ്മാണം.<br><br>1.33 കോടി രൂപയുടെ ഫിഷ് ലാന്റിംഗ് സെന്റർ<br><br>15.11 കോടി രൂപയുടെ അക്വാ പ്രോജക്ട്.<br><br>12.00 കോടി രൂപ അടങ്കൽ തുകയിൽ തിരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളെ കാലാവസ്ഥ പ്രതിരോധ ശേഷിയുള്ളവയായി വികസിപ്പിക്കൽ.<br><br>കടലിൽ മത്സ്യലഭ്യത വർധിപ്പിക്കുന്നതിനായി 13.72 കോടി രൂപയുടെ കൃത്രിമപാര് സ്ഥാപിക്കൽ<br><br>വനിതകളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ വരുത്തുന്നതിന് സാഫ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ<br><br>ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം<br><br>വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം<br><br>ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പലിശരഹിത വായ്പ<br><br>ഒരു കുടുംബം ഒരു ജോലി<br><br>ടെക്നോളജി ഇംപ്രൂവ്മെന്റ്<br><br>കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ<br><br>സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി<br><br>ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്<br><br>തീരമാവേലി<br><br>ഗ്രാജ്വേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി) |

| | | | |
|---|---|---|---|
| | | | കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ:<br><br>ബ്രാന്റിംഗ് &മാർക്കറ്റിങ്ങ്<br><br>പദ്ധതികളുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു |
| (ബി) | സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ സമീപനങ്ങൾ അടിസ്ഥാനമാക്കി സ്വീകരിച്ച പ്രായോഗിക ഇടപെടലുകൾ എന്തെല്ലാമാണ്; ഇവ മത്സ്യസമ്പത്ത് സംരക്ഷണത്തിനും ദീർഘകാല മത്സ്യബന്ധനത്തിലും എത്രത്തോളം സഹായകരമായിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | വേമ്പനാട് കായലിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയെ പുനഃസ്ഥാപിക്കുന്നതിന്റെയും സംരക്ഷിക്കുന്നതിന്റെയും ഭാഗമായി, വേമ്പനാട് കായലിലേക്ക് ഒഴുകി വരുന്ന കനാലുകളുടെയും തോടുകളുടെയും നവീകരണവും അറ്റകുറ്റപ്പണിയും ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. കായലിൽ അടിഞ്ഞു കൂടുന്ന എക്കൽമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്തു കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനസ്ഥാപിക്കുന്നതിനും അതോടൊപ്പം വേമ്പനാട് കായലിനെ ആശ്രയിച്ച് കഴിയുന്ന മത്സ്യതൊഴിലാളികളുടെ ഉപജീവന മാർഗ്ഗം ഉറപ്പു വരുത്തുന്നതിന് എല്ലാം ലക്ഷ്യമിട്ട് കൊണ്ട് വേമ്പനാട് കായൽ പാരിസ്ഥിതിക പുനസ്ഥാപന യജ്ഞം എന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നതിനു സർക്കാർ തലത്തിൽ തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ വയലാർ, നെടുമുടി, തുറവൂർ, മുഹമ്മ, തൈക്കാട്ടുശ്ശേരി, വെളിയനാട്, മണ്ണഞ്ചേരി, അരുക്കുറ്റി, പെരുമ്പളം എന്നിടങ്ങളിൽ പഞ്ചായത്ത് കനാൽ നവീകരണം, വേമ്പനാട് കായലിന്റെ നൈസർഗ്ഗിക ഒഴുക്ക് തടസ്സം നീക്കൽ, കുട്ടനാട് പാടശേഖര സംരക്ഷണം, ജീവികളുടെ ആവാസ വ്യവസ്ഥ പരിപാലിക്കൽ, കായൽ മത്സ്യബന്ധന പ്രവർത്തികൾ എന്നിവ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവർത്തികൾ ചെയ്തിട്ടുണ്ട് .<br><br>1. <u>**2020-21**</u> വർഷം 43,51,721/- രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി അരൂർ പഞ്ചായത്തിലെ 3 കനാലുകൾ നവീകരിക്കുന്നതിനായി 17 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യഫെഡുമായി കൂടിച്ചേർന്ന് 2020-21 വർഷം വേമ്പനാട് കായലിലെ പോളപ്പായൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ 250 മത്സ്യതൊഴിലാളികൾ ചേർന്ന് നീക്കം ചെയ്യുകയും ഒരു സംഘത്തിനു 66,000/- രൂപ വീതം ആകെ 6,60,000/- രൂപ 10 സംഘങ്ങൾക്ക് മാറി നൽകുകയും ചെയ്തിട്ടുണ്ട്. |

2. **2022-2023** സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ കൈനകരി, പാണാവള്ളി, ചെന്നം പള്ളിപ്പുറം, മുട്ടാർ, കാവാലം പഞ്ചായത്തുകളിലെയും, കോട്ടയം ജില്ലയിലെ കുമരകം പഞ്ചായത്തിലെയും വേമ്പനാട് കായലുമായി ബന്ധപ്പെട്ട കനാലുകളുടെയും തോടുകളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 99.17 ലക്ഷം രൂപ അനുവദിക്കുകയും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

3. **2023-24** സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ എഴുപുന്ന, തൈക്കാട്ടുശ്ശേരി, വയലാർ ഗ്രാമപഞ്ചായത്തുകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനും പുനരുദ്ധാരണത്തിനും ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിൻ പ്രകാരം എഴുപുന്ന പഞ്ചായത്തിലെ തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി 3515932/- രൂപയും വയലാർ പഞ്ചായത്തിലെ കനാലുകൾക്കായി 815183/- രൂപയും ചേർത്ത് ആകെ 43,31,115/-രൂപ അനുവദിച്ചിട്ടുണ്ട് ടി പ്രവർത്തികൾ നടപ്പാക്കുന്നതിലൂടെ വേമ്പനാട് കായലിലേക്കുള്ള ജലത്തിന്റെ സ്വതന്ത്രവും സ്വാഭാവികവുമായ ഒഴുക്ക് ഉറപ്പാക്കാനും, വെള്ളപ്പൊക്കം മൂലമുള്ള അപകടങ്ങൾ ഒഴിവാക്കാനും കഴിയുന്നു. നീരൊഴുക്ക് വർദ്ധിക്കുന്നതിലൂടെ മത്സ്യ സമ്പത്ത് വർദ്ധിക്കുകയും ആയതു മത്സ്യതൊഴിലാളികൾക്ക് സുസ്ഥിര തൊഴിൽ സാധ്യതയും വരുമാന വർദ്ധനവിനും സഹായിക്കുന്നു.

4. **2024-25** വർഷം ടി പ്രവർത്തികൾക്കായി ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ആയതിലേക്ക് ആലപ്പുഴ കോട്ടയം, ജില്ലകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകലുടെയും നവീകരണത്തിനുള്ള നടപടികൾക്കായി തുടർന്ന് 2024-25 സാമ്പത്തിക വർഷം ബാമ്സിൽ തുക ലഭ്യമായ മുറക്ക് 50 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷത്തെ അവശേഷിച്ച പ്രവർത്തികൾക്കായി അനുവദിച്ച

5. **2025-26** ഈ സാമ്പത്തിക വർഷം 2405-00-101-50-PLANഎന്ന ശീർഷകത്തിൽ വേമ്പനാട് കായലിന്റെ നവീകരണത്തിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട് . ആയതിൽ ആലപ്പുഴ DDF നൽകിയ പ്രൊപോസലുകകളുടെ അടിസ്ഥാനത്തിൽ കുത്തിയതോട്, ചെന്നം പള്ളിപ്പുറം, വയലാർ പഞ്ചായത്തുകളിലെ വേമ്പനാട് കായലുമായി

ബന്ധപെട്ട തോട്ടുകളുടെ പ്രവർത്തികൾക്ക് 94,29,267/- രൂപയുടെ ഭരണാനുമതി നൽകുകയും ബാമ്സിൽ ലഭ്യമായ 35 ലക്ഷം രൂപ കുത്തിയതോട് പഞ്ചായത്തിന്റെ പ്രവർത്തികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിച്ച ചേന്നം പള്ളിപ്പുറം, വയലാർ ഗ്രാമപഞ്ചായത്തുകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോട്ടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി യഥാക്രമം 12,00,000/- രൂപയും 48,00,000/- രൂപയും ചേർത്ത് ആകെ 60 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഉത്തരവ് നിലവിൽ ബാമ്സിൽ പ്രസ്തുത ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ മേൽ തുക അനുവദിക്കാനായിട്ടില്ല.

സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ സമീപനങ്ങൾ അടിസ്ഥാനമാക്കി സ്വീകരിച്ച പ്രായോഗിക ഇടപെടലുകളുടെ ഫലമായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷക്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എഫ്.ആർ ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും 2018 സെപ്റ്റംബർ 1 മുതൽ പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിന് അശാസ്ത്രീയ വലകൾ, വിനാശകരമായ മത്സ്യബന്ധന രീതികൾ, ചെറുമീനുകളെ പിടിക്കുന്നത് എന്നിവയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിലൂടെയും ചെറുമീനുകളെ പിടിക്കുന്നതിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി 2017-18-ലെ സമുദ്ര മത്സ്യോല്പാദനം 4.83 ലക്ഷം മെട്രിക് ടൺ എന്നത് 2018-19 ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർധിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. 2024-25-ൽ സമുദ്ര മത്സ്യോല്പാദനം 6.47 ലക്ഷം മെട്രിക് ടൺ ആയി വർധിച്ചിട്ടുണ്ട്.

സമുദ്ര ജൈവവൈവിധ്യം വർദ്ധിപ്പിക്കുന്നതിലൂടെയും, ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിലൂടെയും സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭ്യമാക്കുക അതിലൂടെ വരുമാന വർധനവും ജീവിതനിലവാരവും വർദ്ധിപ്പിക്കുക എന്നീ

ലക്ഷ്യങ്ങളോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്തമായ പാരിന് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മോഡ്യൂളുകൾ ജി.പി.എസ്. സഹായത്തോടെ സ്ഥാന നിർണ്ണയം നടത്തി മത്സ്യത്തൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽ നിക്ഷേപിച്ചു വരുന്നു. ഈ പാരുകളിൽ ധാരാളം സസ്യപ്ലവകങ്ങളും ജന്തുപ്ലവകങ്ങളും രൂപപ്പെടുന്നു. ഇതു ഭക്ഷിക്കുന്നതിനായി ധാരാളം ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. ഈ കൃത്രിമ ആവാസ വ്യവസ്ഥ മത്സ്യപ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനില്പിനും അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു.

2021-22സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ 9 മത്സ്യഗ്രാമങ്ങളിലായി 1910 റീഫ് മോഡ്യൂളുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കി. 2022-23 സാമ്പത്തിക വർഷം “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാന ത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും” എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. പദ്ധതി പ്രകാരം 6300 കൃത്രിമപ്പാരുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 42 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ ആകെ 6300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി നിലവിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ രണ്ടാം ഘട്ടം” എന്ന PMMSY പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 60% തുകയായ 17.856 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 11.904 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. ആയതിന്

ഭരണാനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 25.8285 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. 60% തുകയായ 15.4971 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 10.3314 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

കൃത്രിമപാര് പദ്ധതിയോടനുബന്ധിച്ച് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തിരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/ കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസ വ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപ്പിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ മത്സ്യകുഞ്ഞുങ്ങൾ കൂടി ആകുമ്പോൾ മേൽ പ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

കൃത്രിമ പാര് സ്ഥാപിച്ചിട്ടുള്ള മത്സ്യബന്ധന ഗ്രാമങ്ങളുടെയും സമീപ ഗ്രാമങ്ങളുടെയും തീരത്ത് ഇൻസ്റ്റലേഷനു ശേഷം നടത്തിയ പഠനങ്ങൾ അനുസരിച്ച് തീരദേശ മത്സ്യസമ്പത്ത് ഗണ്യമായ അളവിൽ പുനരുജ്ജീവിപ്പിച്ചതായി തെളിഞ്ഞു. പദ്ധതികൾ പൂർത്തീകരിച്ച് ഒരു വർഷത്തിനുശേഷം ‘Under water Study’ നടത്തുകയും പ്രസ്തുത പ്രദേശത്ത് ചെറുതും വലുതുമായ ചൂര, പാര, വേളാവ്, ബാരക്കുട, കാരൽ, അയല, കണവ, കൂന്തൽ തുടങ്ങിയ മത്സ്യയിനങ്ങൾ കൂടുതലായി ശ്രദ്ധയിൽപെട്ടിട്ടുമുണ്ട്. ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ

| | | | |
|---|---|---|---|
| | | | അഭിപ്രായത്തിൽ മത്സ്യസമ്പത്ത് വർദ്ധിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ PMMSY പദ്ധതി പ്രകാരം നിക്ഷേപിച്ച കൃത്രിമപ്പാരുകളിൽ 6 മാസങ്ങൾക്ക് ശേഷം KSCADC Diving and ROV (Remotely Operated Vehicle) ഉപയോഗിച്ച് നടത്തിയ underwater Videography യുടെയും photography യുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ 2 മുതൽ 20 km ദൂരത്തിനുള്ളിൽ 42 fishing വില്ലേജുകളിലായി 20 മുതൽ 57 മീറ്ററിനുള്ളിൽ കൃത്രിമപ്പാരുകളുടെ സമീപത്തായി Red snapper, Emperor fish, Angel fish, Black pomfret, Nigger Trigger Fish, Hamour fish, Trevally, Black pomfret തുടങ്ങിയ മത്സ്യങ്ങളെ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>തീരത്തെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിച്ച് വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം ഒഴിവാക്കുന്നതിനും ചെറുമത്സ്യങ്ങൾ വലകളിൽ അകപ്പെട്ട് മത്സ്യസമ്പത്ത് ശോഷിക്കുന്നത് തടയുന്നതിലേക്കുമായി കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്തതിന്റെ ഭാഗമായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുകയും ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ 80 ലക്ഷം രൂപ ചെലവിൽ 2050 സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 250 യൂണിറ്റ് (500 എണ്ണം) സ്ക്വയർ മെഷ് കോഡ് എന്റുകൾ വിതരണം ചെയ്യുന്നതിലേക്കായി 20 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.<br><br>ബോട്ടം ട്രോൾ നെറ്റുകളിൽ TED (Turtle Excluder Device) നിർബ്ബന്ധമാക്കിക്കൊണ്ട് കെ. എം. എഫ്. ആർ. റൂൾ ഭേദഗതി ചെയ്തിട്ടുണ്ട്. CIFT വികസിപ്പിച്ചെടുത്തിട്ടുള്ള ടി ഉപകരണങ്ങൾ ട്രോൾ നെറ്റുകളിൽ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഡെമോൺസ്ട്രേഷൻ MPEDA-NETFISH നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. മത്സ്യബന്ധന സമയത്ത് ബൈ ക്യാച്ച് കുറയ്ക്കുന്നതിനും, ഇന്ധന ക്ഷമത കൂട്ടുന്നതിനും അതുവഴി വലയിൽ ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് കൂട്ടി മത്സ്യബന്ധനം ലാഭകരമാക്കാൻ സഹായിക്കുന്നു. PMMSY |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോൾ വലകളിൽ TED ഘടിപ്പിക്കുന്നതിനുള്ള ഒരു വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രസർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മത്സ്യസംസ്കരണ മേഖലയെ ആധുനികവൽക്കരിച്ച് മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (സി) | മത്സ്യ സംസ്കരണ മേഖലയെ ആധുനികവൽക്കരിച്ച് മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനായി മത്സ്യഫെഡ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി മത്സ്യഫെഡിന്റെ ഫ്രഷ് ഫിഷ് മാർട്ടുകളിലൂടെയും സഞ്ചരിക്കുന്ന മത്സ്യ വിപണനശാലയായ അന്തിപ്പച്ചകളിലൂടെയും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ വിപണികളിൽ എത്തിക്കുന്നു. കൂടാതെ സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോം ആയ K shoppe വഴിയും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നു.<br><br>മത്സ്യഫെഡ് ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളിലൂടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കുന്നുണ്ട്. മൂല്യ വർദ്ധിത ഉൽപന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ കൈപ്പമംഗലം മത്സ്യ തൊഴിലാളി സഹകരണ സംഘത്തിന്റെ കീഴിൽ വരുന്ന സ്വയം സഹായ സംഘമായ (SHG) പൈതൃകം ഗ്രൂപ്പ് നിർമ്മിക്കുന്ന ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, മസാലക്കൂട്ടുകൾ എന്നിവ മത്സ്യഫെഡ് Eats and Treats എന്ന വ്യാപാര നാമത്തിൽ വിപണിയിൽ എത്തിക്കുന്നു.<br><br>ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മുളക്കുഴയിൽ മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനം ലക്ഷ്യമിട്ട് നബാർഡ് RIDF പദ്ധതിയിൽ ഉൾപെടുത്തി മത്സ്യം, മരച്ചീനി എന്നിവയുടെ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി കൊച്ചി, കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രം ശ്രീകാര്യം തിരുവനന്തപുരം എന്നിവയുടെ സാങ്കേതിക സഹായത്തോടെ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ മൂല്യ വർദ്ധന ഉത്പാദന കേന്ദ്രം ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. മുളക്കുഴയിലെ മൂല്യ വർദ്ധിത ഉത്പാദന കേന്ദ്രത്തിൽ മത്സ്യ വിഭവങ്ങളായ കട്‌ലറ്റ്, ഫിഷ് ഫിംഗർ, ചീസ് ബോൾ, ഫിഷ് സമൂസ, അച്ചാറുകൾ എന്നിവയും മരച്ചീനിയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ചിപ്സ്, പക്കാവട, മുറുക്ക്, മധുര സേവ, മിക്സ്ചർ, കുക്കീസ്, കപ്പ പൊടി എന്നിവ ഉത്പാദിപ്പിക്കുന്നതാണ്.<br><br>മത്സ്യഫെഡ് ഐസ് ആന്റ് ഫ്രീസിങ് പ്ലാന്റ് കൊച്ചിയിൽ നിർമ്മിക്കുന്ന ശീതീകരിച്ച കട്ലെറ്റ്, മീൻ |

അച്ചാറുകൾ, ഫിഷ് സമോസ എന്നിവ ഉത്പാദിപ്പിച്ച് മത്സ്യഫെഡ് വിതരണ ശൃംഖലയിലൂടെ വിപണനം ചെയ്തുവരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യ സംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യ ഉൽപ്പന്നങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിവിധ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിപണിയിൽ എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ "ഡ്രിഷ് കേരള" എന്ന ബ്രാൻഡിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചു വരുന്നു. ഇതിനോടകം തന്നെ യു.എസ്.എ, കാനഡ, ഓസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിൽ നിലവിൽ ഈ മൂല്യ വർദ്ധിത ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ കയറ്റി അയച്ചിട്ടുണ്ട് സാഫ് പദ്ധതിയായ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിലൂടെ മത്സ്യസംസ്കരണ മേഖലയിൽ ഉൾപ്പെടുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യസംസ്കരണ സംരംഭങ്ങളുടെ കച്ചവടം മെച്ചപ്പെടുത്തുന്നതിനായി SAF Fish & Fish Processing Groups രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. Dry Fish, Fish processing units, Pickle, Clam Processing എന്നിങ്ങനെ യൂണിറ്റുകളാണ് ഈ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നത്.

സാഫ് നടപ്പിലാക്കുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ മത്സ്യ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകൾ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുന്നു. സാഫ് യൂണിറ്റുകൾ മൽസ്യം ഹാർബറിൽ നിന്നും നേരിട്ട് ശേഖരിച്ച് ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കുകയാണ് ചെയ്യുന്നത്. ടി ഉൽപ്പന്നങ്ങൾ ആകർഷകമായ പാക്കിംഗിലും ലേബലുകളിലും തീരമൈത്രി ബ്രാൻറിൽ ലഭ്യമാക്കുന്നു. Prawns, Angovy, Sole Fish, Lizard fish, Shark, Silverbelly എന്നീ ഉണക്കമത്സ്യങ്ങൾ കേന്ദ്ര ഏജൻസിയായ Central Institute of Fisheries Technology (CIFT)ൽ quality test നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. മറ്റ് മത്സ്യ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ Fish Pickle, Clam Processing, Prawns pickle, Tuna Pickle Squid Pickle Prawns

| | | | |
|---|---|---|---|
| | | | Chutney Powder, Prawns ready to cook, Anchovy ready to cook, Dry Fish Roast, Fish mixture, Fish finger, Fish cutlet എന്നിവയും യൂണിറ്റുകൾ തയ്യാറാക്കി വരുന്നു. Central Institute of Fisheries Technology (CIFT), National Institute of Fisheries Post Harvest Technology and Training(NIPHAT)എന്നീ ഏജൻസികൾ മുഖേന വിവിധ പരിശീലനങ്ങൾ യൂണിറ്റുകൾക്ക് നൽകിവരുന്നു.<br><br>Online Marketing & Salesസംവിധാനം കൊണ്ടു വരുന്നതിനുള്ള ആദ്യപടിയായി സാഫിന്റെ സഹായത്തോടെ യൂണീറ്റുകൾ സ്വന്തം നിലയ്ക്ക് QR code, UPI Payment, Online / Home Delivery, Social media തുടങ്ങിയ സംവിധാനങ്ങളിലൂടെ Online Marketing & Salesചെയ്ത് വരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതിചെയ്യുന്ന മത്സ്യ സംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യ ഉൽപ്പന്നങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി വിവിധ സാങ്കേതികവിദ്യയുടെ സഹായത്തോടെ വിപണിയിൽ എത്തിച്ചു വരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സൗരോർജ ഡ്രയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധത മത്സ്യ ഉൽപ്പന്നങ്ങൾ "ഡ്രിഷ് കേരള"എന്ന ബ്രാൻഡിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചു വരുന്നു. ഇതിനോടകം തന്നെ യു എസ് എ കാനഡ ഓസ്ട്രേലിയ ന്യൂസിലാൻഡ് എന്നിവിടങ്ങളിൽ നിലവിൽ ഈ മൂല്യവർദ്ധിത ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ കയറ്റി അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

| ക്രമ നം | പദ്ധതികൾ |
|---|---|
| 1 | **ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)** |
| 2 | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ(എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ (മൈക്രോഫിനാൻസ്, ടേം വായ്പ) |
| 3 | മത്സ്യ കച്ചവട സ്ത്രീകൾക്ക് നൽകി വരുന്ന പലിശ രഹിത വായ്പാ പദ്ധതി |
| 4 | ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS) |
| 5 | പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവത്കരണം/വലകൾക്കുള്ള സബ്സിഡി |
| 6 | ബ്ലൂ റവല്യൂഷൻ |
| 7 | മത്സ്യഫെഡിന്റെ മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി |
| 8 | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി (PMMSY) എഫ്.ആർ.പി വള്ളം, വല, എഞ്ചിൻ എന്നിവ നൽകുന്ന പദ്ധതി |
| 9 | മത്സ്യത്തൊഴിലാളികളുടെ വായ്പയിൻമേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി |
| 10 | മത്സ്യബന്ധന വള്ളങ്ങൾ വലിക്കുന്നതിനുള്ള ട്രാക്ടർ |

**അനുബന്ധം – II**

| ക്രമ നം. | 2021 മുതൽ നടപ്പിലാക്കിയ പദ്ധതികൾ | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതിയ്ക്കായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങൾ | 1003 | 2701 | 2077.74 |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | 1513 | 4598 | 747.59 |
| 3 | ടെക്നോളജി ഇന്‍ഫ്യൂഷൻ / ടെക്നോളജി ഇമ്പ്രൂമെന്റ് | 432 | 1210 | 169.09 |
| 4 | ഗ്രാജ്ജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി) | 956 | 2753 | 36.58 |
| 5 | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം | ... | 12349 | 96.12 |
| 6 | ബ്രാൻറിംഗ് & മാർക്കറ്റിങ്ങ് | ... | 4286 | 52.32 |
| 7 | ജെഎൽജി പലിശരഹിത വായ്പ | 619 | 3095 | 309.50 |
| 8 | സീ ഫുഡ് റസ്റ്റോറൻറ് | 31 | 155 | 155 |
| 9 | തീരമാവേലി | 15 | 53 | 115.83 |
| 10 | ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷെൻറിംഗ് കിയോസ്ക്ക് | 40 | 83 | 15.41 |
| | **ആകെ** | **4609** | **31283** | **3775.18** |